## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2599 13.03.2020 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ടി.ബൽറാം | : | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇത് നിർമ്മാണത്തിലുള്ള അഴിമതിയും തട്ടിപ്പും പുറത്ത് കൊണ്ടുവരുന്നതിന് പര്യാപ്തമാണോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. അധികമായി വിജിലൻസ് വിഭാഗത്തിൽ 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും കൂടാതെ ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. നിലവിൽ ഈ വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 4 എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ സാങ്കേതിക വിഭാഗം ജീവനക്കാരും, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക്, 9 ക്ലാർക്കുമാർ എന്നീ സാങ്കേതികേതര വിഭാഗം ജീവനക്കാരും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വിജിലൻസിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിൽ പൊതുജനങ്ങളിൽ നിന്ന് നേരിട്ട് ലഭിക്കുന്ന പരാതിക്ക് പുറമേ സർക്കാർ തലത്തിലും, വി.എ.സി.ബിയിൽ നിന്നും ലഭിക്കുന്ന പരാതികളും അന്വേഷിച്ച് റിപ്പോർട്ട് മേലധികാരികൾക്ക് സമർപ്പിച്ചുവരുന്നു. കൂടാതെ സർക്കാർ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയ സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. അഴിമതിയും ക്രമക്കേടുകളും കുറയ്ക്കുന്നതിനും ഇവ സഹായിച്ചിട്ടുണ്ട്. |
| (ബി) | ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഇപ്പോഴും ക്രമക്കേട് നടക്കുന്നതായി വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ചില പ്രവൃത്തികളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ആയതിന്മേൽ ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. |
| (സി) | അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; ഗുരുതരമായ വീഴ്ച വരുത്തിയ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ, സർക്കാരിനുണ്ടായ നഷ്ടം ഈടാക്കൽ, കർശന താക്കീത് എന്നിവയുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കുറ്റക്കാരായ കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിക്കുന്നുമുണ്ട്. |
| (ഡി) | എങ്കിൽ 2019-ൽ എത്ര പേരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കാമോ? | (ഡി) | പൊതുമരാമത്ത് കെട്ടിട വിഭാഗം നോർത്ത് സർക്കിളിനു കീഴിൽ മുഹമ്മദ് സൈദ് എന്ന കരാറുകാരനെയും സൗത്ത് സർക്കിളിനു കീഴിൽ M/s.ശബരി എന്റർപ്രൈസസിനേയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**